**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1528** **04-07-2022 - ൽ മറുപടിയ്ക്ക്**

**കോട്ടയ്ക്കൽ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടം ആര്യവൈദ്യശാലയുടെ മറ്റൊരു സ്ഥലത്തേക്ക് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയത്തിൻമേൽ റവന്യൂവകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | 12/07/2013 ലെ സ.ഉ (എം.എസ്) 297/13/റവ നമ്പർ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ വില്ലേജ് ബ്ലോക്ക് നമ്പർ 39, റീ. സർവ്വെ നമ്പർ 187/5 ൽ പ്പെട്ട കോട്ടയ്ക്കൽ ഗവൺമെന്റ് എൽ. പി സ്കൂളിന്റെ 22 സെന്റ് ഭൂമിയും ആര്യവൈദ്യശാലയുടെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് നമ്പർ 39 റീസർവേ നമ്പർ 188/17 ൽ പ്പെട്ട 24 സെന്റ് ഭൂമിയും പരസ്പരം കൈമാറി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആര്യവൈദ്യശാലയുടെ കൈവശത്തിലുള്ള ഭൂമിയും കെ. ഇ. ആർ വ്യവസ്ഥകൾ അനുസരിച്ച് സ്കൂൾ കെട്ടിടം നിർമ്മിച്ച് നല്കേണ്ടതാണെന്ന് ഉൾപ്പെടെയുള്ള നിബന്ധനകളോടെ നിർദ്ദേശിച്ചിരുന്നു. ഭൂമിയുടെ കമ്പോളവില സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കളക്ടർ ലഭ്യമാക്കുകയും പ്രസ്തുത റിപ്പോർട്ട് പ്രകാരം പരസ്പരം കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ കമ്പോളവില തുല്യമായതിനാൽ മേൽ ഉത്തരവ് പ്രകാരം ഭൂമി കൈമാറ്റം നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.<br><br>12/7/2013 ലെ സ.ഉ (എം.എസ്) 297/13/റവ നമ്പർ ഉത്തരവിൽ പ്രസ്തുത സ്ഥലങ്ങളുടെ കൈമാറ്റം സംബന്ധിച്ച നിബന്ധനകൾ വ്യക്തമാക്കിയിട്ടുള്ളതിനാൽ കോട്ടയ്ക്കൽ ആര്യവൈദ്യശാലയുമായി ഒരു ധാരണാ പത്രത്തിൽ ഒപ്പിടേണ്ട ആവശ്യകത ഇല്ല. ടി ഉത്തരവ് പ്രകാരം ഭൂമി കൈമാറുന്നതിനുള്ള തുട നടപടികൾ സ്വീകരിക്കുവാൻ 24/06/2022 ലെ എൽ 1/99/2021/റവ നമ്പർ കത്ത് മുഖേന മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സ്ഥലങ്ങളുടെ കൈമാറ്റത്തിനായുള്ള ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | 12/07/2013 ലെ സ.ഉ (എം.എസ്) 297/13/റ( നമ്പർ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ വില്ലേജ് ബ്ലോക്ക് നമ്പർ 39, റീ. സർവ്വെ നമ്പർ 187/5 ൽ പ്പെട്ട കോട്ടയ്ക്കൽ ഗവൺമെന്റ് എൽ. പി സ്കൂളിന്റെ 22 സെന്റ് ഭൂമിയും ആര്യവൈദ്യശാലയുടെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് നമ്പർ 39 റീസർ( നമ്പർ 188/17 ൽ പ്പെട്ട 24 സെന്റ് ഭൂമിയും പരസ്പരം കൈമാറി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആര്യവൈദ്യശാലയുടെ കൈവശത്തിലുള്ള ഭൂമിയും കെ. ഇ. ആർ വ്യവസ്ഥകൾ അനുസരിച്ച് സ്കൂൾ കെട്ടിടം നിർമ്മിച്ച് നല്കേണ്ടതാണെന്ന് ഉൾപ്പെടെയുള്ള നിബന്ധനകളോടെ നിർദ്ദേശിച്ചിരുന്നു. ഭൂമിയു( കമ്പോളവില സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കളക്ടർ ലഭ്യമാക്കുകയും പ്രസ്തുത റിപ്പോർട്ട് പ്രകാരം പരസ്പരം കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ കമ്പോളവില തുല്യമായതിനാൽ മേൽ ഉത്തരവ് പ്രകാരം ഭൂമി കൈമാറ്റം നടത്തുന്നതിറ സത്വര നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.<br><br>12/7/2013 ലെ സ.ഉ (എം.എസ്) 297/13/റവ നമ്പർ ഉത്തരവിൽ പ്രസ്തുത സ്ഥലങ്ങളുടെ കൈമാറ്റം സംബന്ധിച്ച നിബന്ധനകൾ വ്യക്തമാക്കിയിട്ടുള്ളതിനാൽ കോട്ടയ്ക്കൽ ആര്യവൈദ്യശാലയുമായി ഒരു ധാരണാ പത്രത്തിൽ ഒപ്പിടേണ്ട ആവശ്യകത ഇല്ല. ടി ഉത്തരവ് പ്രകാരം ഭൂമി കൈമാറുന്നതിനുള്ള തുട നടപടികൾ സ്വീകരിക്കുവാൻ 24/06/2022 ലെ എൽ 1/99/2021/റവ നമ്പർ കത്ത് മുഖേന മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥലങ്ങൾ കൈമാറുന്നത് സംബന്ധിച്ച് നിയമ വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പും വിശദാംശങ്ങളും ലഭ്യമാക്കുമോ? | (സി) | നിയമ വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"1960-ലെ കേരള ഭൂപതിവ് നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുസരിച്ചാണ് സർക്കാർ ഭൂമി പതിവ് ചെയ്തു നൽകുകയോ, പാട്ടം/ലൈസൻസ് അനുവദിക്കുകയോ ചെയ്യുന്നത്. 1960-ലെ കേരള ഭൂപതിവ് നിയമം, അവയുടെ ചട്ടങ്ങൾ, 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമം, അവയുടെ ചട്ടങ്ങൾ എന്നീ നിയമങ്ങളിൽ സർക്കാർ ഭൂമിയും സ്വകാര്യ ഭൂമിയും പരസ്പരം കൈമാറി നല്കുന്നതിനുള്ള വ്യവസ്ഥ കാണുന്നില്ല. 1958-ലെ കേരളഭൂമി വിട്ടൊഴിയൽ നിയമം, അവയുടെ ചട്ടങ്ങൾ പ്രകാരം ഭൂമി വിട്ടൊഴിയുക എന്നത് യാതൊരു നിബന്ധകളും കൂടാതെ രജിസ്റ്റേർഡ് ഹോൾഡർക്ക് ഭൂമിയിൻമേലുള്ള സകലമാന അവകാശങ്ങളും സർക്കാരിലേയ്ക്കു വിട്ട് നൽകുക (Unconditional Surrender) എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

12/07/2013 തിയതിയിലെ സർക്കാർ ഉത്തരവ് G.O(MS)297/2013/Rev. പരിശോധിച്ചതിൽ നിബന്ധനകൾക്ക് വിധേയമായാണ് സർക്കാർ ഭൂമിയും സ്വകാര്യ ഭൂമിയും തമ്മിൽ പരസ്പരം കൈമാറുന്നതിന് ഉത്തരവായിട്ടുള്ളതെന്ന് കാണുന്നു. 25.11.2021 തീയതിയിലെ മലപ്പുറം ജില്ലാ കളക്ടറുടെ കത്തിൽ കോട്ടക്കൽ ആര്യവൈദ്യശാലയുടെ കൈവശമുള്ള ഭൂമിയിൽ ആര്യവൈദ്യശാല സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തിയാക്കി നൽകുന്ന മുറയ്ക്ക് ആര്യവൈദ്യശാലയുടെ ഭൂമി സർക്കാരിലേയ്ക്ക് റിലിങ്ക്വിഷ് ചെയ്യുന്നതിനും, അതിനു ശേഷം സർക്കാർ ഭൂമി ആര്യവൈദ്യശാലയ്ക്ക് പതിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ആര്യവൈദ്യശാല സ്വന്തം സ്ഥലത്ത് സ്വന്തം ചെലവിൽ 12 മുറി കോൺക്രീറ്റ് കെട്ടിടം പണി പൂർത്തിയാക്കി ഭൂമി നിരുപാധികം സർക്കാരിലേയ്ക്ക് റിലിങ്ക്വിഷ് ചെയ്യുമ്പോൾ മാത്രമാണ് 1964-ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം ഉപയോഗിച്ചുകൊണ്ടും പൊതുതാല്പര്യം മുൻനിർത്തിയും അപേക്ഷ ഭൂമി സ്വകാര്യവ്യക്തിയ്ക്ക് (കോട്ടക്കൽ ആര്യവൈദ്യശാല) പതിച്ച് നല്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതിനുള്ള ബാധ്യത സർക്കാരിന് വരുന്നത്. ആ നിലയ്ക്ക് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യത്തിൽ നിലവിൽ കോട്ടക്കൽ ആര്യവൈദ്യശാലയുമായി ഒരു ധാരണാ പത്രത്തിൽ ഒപ്പിടേണ്ട ആവശ്യകത ഇല്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്".